

# DIGIഓല

*Little kites digital magazine*

## Government High school
## Keralapuram

The Editorial Board of little kites proudly presents its creation in the form of online magazine

# DIGI റ്റോല

digittola highlights on the activities of the students , teachers  of the academic year 2019

Ghs Keralapuram

online digital magazine

* layout design members of little kites , kitemaster, kitemistress
* Email: 41028kollam@gmail.com

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ ബിന്ദുകുമാരി

മനോജ്കുമാർ

STUDENT EDITOR

സുഹറ റഹിം

കാവ്യ

രാജേഷ്

മുഹമ്മദ് ഇജാസ്

ഷാരോൻ

കൈറ്റ് അംഗങ്ങൾ ആതിദ്യൻ

ആര്യാ

അതുല്യ

സുജിത്

സുബിൻ

ആതിദ്യ

പ്രിൻസ്

# പ്രവേശനോൽസവം 2019



# ഓർമ്മത്തണുപ്പ്

മഴ കാണുന്നില്ല...
നിന്നിലൂടെ
മഴയെ കേൾക്കാനാണ്
ഞാൻ കൊതിച്ചത്...
മഴയിരമ്പങ്ങളിൽ
മനപ്പെയ്ത്തുകളെ
ചേർത്തുവയ്ക്കാനുള്ള
വൃഥാശ്രമങ്ങൾ...
ഒരായിരം മഴക്കാലങ്ങൾ
ഒന്നിച്ചുകൊള്ളാമെന്ന്
പാഴ്വാക്കുകൾ...
ആർത്തിരമ്പിയെത്തുന്ന
പേമാരിക്കു നടുവിൽ
ഇന്നലെകളിലെ ഓർമ്മകളുടെ
തണുപ്പിനുമേൽ
നിന്നെ
വാരി പുതയ്ക്കട്ടെ ഞാൻ...

## ഉപാധികളില്ലാത്ത സ്നേഹത്തിന്റെ സമുദ്രശില...

മനുഷ്യന് ഒരു ആമുഖത്തിന് ശേഷം സുഭാഷ്ചന്ദ്രനെഴുതിയ പുതിയ നോവലായ സമുദ്രശില...ആഖ്യാനതന്ത്രം കൊണ്ട് പുതുമയാർന്നനിൽക്കുന്ന...കോഴിക്കോട് നഗരത്തിലെ...മലയാളത്തിന്റെ മൂന്ന മഴമാസങ്ങളിൽ നടന്ന കഥയിലേക്ക് സുഭാഷ് ചന്ദ്രൻ.....

സുഭാഷ് ചന്ദ്രനായിതന്നെ വെളിപ്പെടുന്ന എന്ന സവിശേഷത കൂടി നോവലിനുണ്ട്...ഇഹലോകത്തുനിന്ന യാത്ര തിരിക്കുംമുമ്പ്..പട്ടടയിലേക്ക് സ്വയം നടന്നുകയറുംമുമ്പ്...അവൾ-അംബ-മഹാഭാരതത്തിലെ ആണഭയമില്ലാതെ പോയ പെണ്ണൊരുത്തി...വേദം പകുത്തവനെ-വേദവ്യാസനെ-സ്വന്തം മരണവാർത്ത അറിയിക്കാനെത്തുന്ന അത്യസാധാരണമായ സന്ദർഭത്തിൽ കവികുലലോത്തമനോട് ചോദിച്ച ചോദ്യം ഇതായിരുന്നു...

# ചരിത്രം

ചരിത്രം അവഗണിച്ച ഒരുപാട് ധീരദേശാഭിമാനികളുടെ നാടാണ് ഭാരതം.മഹാരഥന്മാരായ ചക്രവർത്തിമാരുടെ നിഴലിൽ അമർന്നുപോയ ധീരയോദ്ധാക്കൾ ഭാരതത്തിലുണ്ടായിരുന്നു.അവരിൽ വിസ്മരിക്കാൻ കഴിയാത്ത നാമമാണ് ഹെമു അഥവാ ഹേമചന്ദ്രവിക്രമാദിത്യൻ.

ദില്ലിക്ക് തെക്കുപടിഞ്ഞാറ് റവാരി എന്ന ചെറുപട്ടണത്തിലാണ് ഹെമു ജനിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു.അദ്ദേഹത്തിന്റെ പിതാവ് ഒരു കച്ചവടക്കാരനായിരുന്നു.മഹാനായ സൂർ ചക്രവർത്തി ഷേർഷാസൂരിയുടെ മരണശേഷം അദ്ദേഹത്തിന്റെ മകൻ ഇസ്ലാംഷാ ദില്ലിയുടെ സിംഹാസനമേറി.യുദ്ധശേഷം തന്റെ ചെറു ഗ്രാമത്തിലെത്തിയ ഇസ്ലാംഷായുടെ സൈന്യത്തിന് ബുദ്ധിപൂർവം ഹെമു സൗജന്യമായി ധാന്യം വിതരണം ചെയ്തു.സുൽത്താൻ സംപ്രീതനാകുകയും ഹെമുവിനെ കൊട്ടാരത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി.

കൊട്ടാരത്തിൽ കേവലം പരിചാരകനായി തുടങ്ങിയ ഹെമു തന്റെ ബുദ്ധിയും കഴിവും ഉപയോഗിച്ച് രഹസ്യാന്വേഷണവിഭാഗത്തിൽ എത്തുകയും

പിൽക്കാലത്ത് രഹസ്യന്വേഷണവിഭാഗത്തിന്റെ തലവനാവുകയും ചെയ്തു. ഹെമുവിന്റെ ബുദ്ധിയും ധൈര്യവും മനസ്സിലാക്കിയ ഭരണധികാരികൾ ഹെമുവിനെ തങ്ങളുടെ വിശ്വസ്ത്തനാക്കി. പിൽക്കാലത്ത് മുഹമ്മദ് അദിൽഷായുടെ പ്രധാനമന്ത്രിയായി ഹെമു അവരോദിക്കപ്പെട്ടു.തുടർച്ചയായ 22 യുദ്ധവിജയങ്ങൾ ഹെമുനേടി.ഇന്ത്യയുടെ പല ഭാഗത്തുനിന്നും മുഗളൻമാരെ പുറത്താക്കി.

തന്റെ സൈനികരോട് നിർവ്യാചസ്നേഹം പുലർത്തിയിരുന്ന ഹെമു യുദ്ധത്തിൽ പിടിച്ചെടുക്കപ്പെട്ട സമ്പത്ത് ഒരിക്കലും സ്വന്തമാക്കിയിരുന്നില്ല അവ തന്റെ സൈനികർക്ക് തുല്യമായി വീതിച്ചു നൽകിയിരുന്നു.ആയതിനാൽ സൈനികരുടെ കൂർ സുൽത്താനോടുള്ളതിനേക്കാൾ ഹെമുവിനോടായിരുന്നു. 1556 ഒക്ടോബർ7-ന് ഹെമു കേവലം ഒരുദിവസത്തെ യുദ്ധത്തിലൂടെ ദില്ലി പിടിച്ചടക്കുകയും സൈനികർ ഹേമചന്ദ്രവിക്രമാദിത്യൻ എന്ന ബിരുദത്തോടെ ഡൽഹിയുടെ ഭരണാധികാരിയായി അദ്ദേഹം അവരോദിക്കുകയും ചെയ്തു.

1556 നവംബർ 5

ഭാരതത്തിന്റെ ഗതി മാറ്റിമറിച്ച രണ്ടാം പാനിപ്പട്ട് യുദ്ദം.ഒരു വശത്ത് അതിശക്തമായ ഹെമുവിന്റെ സൈന്യവും, മറുവശത്ത് അക്ബറിന്റെ ചെറു സേനയും

നിലയുറപ്പിച്ചു.അതിഭയാനകമായ യുദ്ധത്തിൽ ഹെമു സൈന്യം വിജയത്തോട് അടുത്തുകൊണ്ടിരുന്നു എന്നാൽ വിധി മറ്റൊന്നായിരുന്നു, ആനപ്പുറത്തിരുന്ന് യുദ്ധം നയിച്ചിരുന്ന ഹെമുവിന്റെ വലതുകണ്ണിൽ പാഞ്ഞുവന്ന ഒരു അസ്ത്രം തറയ്ക്കുകയും ഹെമു ബോധരഹിതനായി ആനപ്പുറത്തേക്ക് വീഴുകയും ചെയ്തു.ബോധരഹിതനായ ഹെമുവിനെ വഹിച്ച് ആനക്കാട്ടിലേക്ക് മറഞ്ഞു നിന്നു,അതല്ല തടവിൽ പിടിച്ച ഹെമുവിനെ അക്ബറിന്റെ വളർത്തച്ഛനായ ബൈറാൻഖാൻ ശിരച്ഛേദം ചെയ്തുവെന്നും പറയപ്പെടുന്നു.

ഒരുപക്ഷേ ഹെമു പരാജയപ്പെട്ടിരുന്നില്ല എങ്കിൽ ഭാരതത്തിന്റെ ചരിത്രം മറ്റൊന്നാകുമായിരുന്നു.രാജകീയ രക്തശുദ്ധി ഇല്ലാത്ത ഒരാൾ ഡൽഹി സിംഹാസനം ഏറിയിട്ടുണ്ടെങ്കിൽ അത് ഹേമചന്ദ്രവിക്രമാദിത്യൻ എന്ന ഹെമു മാത്രമായിരുന്നു.

# quiz

1. 1,1,2,3,5,8,13,21 എന്ന സംഖ്യശ്രേണി അനന്തമായി തുടരുമ്പോൾ അനുക്രമസംഖ്യകൾ തമ്മിലുള്ള അംശബന്ധം എന്ത് ?

   ANS കനകാനുബാധം

2. ഒരാൾക്ക് ഒരു പണി തീർക്കാൻ 30 മണിക്കൂർ വേണം അയാളും അനുജനും കൂടി ആ ജോലി 20 മണിക്കൂർ ചെയ്ത് തീർത്തു. അനുജൻ ഒറ്റയ്ക്കായിരുന്നുവെങ്കിൽ ചെയ്തു തീർക്കാൻ എത്ര മണിക്കൂർ എടുക്കുമായിരുന്നു?

   ANS 60

3. മണിക്കൂറിൽ 36 KM വേഗത്തിൽ ഓടുന്ന 150 m നീളമുള്ള ട്രെയിൻ 250 m നീളമുള്ള പാലം മറികടക്കാൻ എത്ര സെക്കന്റ് എടുക്കും ?

   ANS 40 സെക്കന്റ്

4. 8.46:x=69:27 ആയാൽ X ന്റെ വില എത്ര ?

   ANS 18

5. 9:24 25 ഇവയോടൊപ്പം പൈതഗോറസ് ത്രയം ആകുന്നു സംഖ്യ ഏത് ?

   ANS 7

# ചന്ദ്രയാൻദിനം














# GREEN HOUSE EFFECT

Heating of the earth and its environment due to solar radiation trapped by carbon dioxide and water vapour is called green house effect .
The name green house comes from glass structures called green houses that are used to grow green plants in the colder regions of the earth .The glass structure allows sunlight to enter it but does not allow the radiated heat to escape, thus heating up the green house .

## GREENHOUSE GASES

Gases that contribute to greenhouse effect are carbon dioxide, water vapour, oxides of nitrogen, methane, ozone, chloroflurocarbons, etc...,and are thus called greenhouse gases.

## SOURCES OF GREENHOUSE GASES:

*Carbon dioxide

Burning of fossil fuel like coal, natural gas and petroleum.
Industrial processes like manufacture of lime and those seen in frementation units.
Biological decay of plants.
Resperation by animals, human beings and plants.

*Water vapour

The main source of water vapour is burning of hydrocarbons. This produces carbon dioxide and water vapour.

*Oxides of Nitrogen

Combustion of fossil fuel like coal, oil, natural gases, gasoline, etc.in automobiles and power plants produce high temperatures, whereupon nitrogen and oxygen combines to form nitric oxide and nitrogen dioxide. Some chemical industries also produce oxides of nitrogen as by-products.

OUR SCHOOL CAMERA BOYS  AT SCHOOL JILLA SPORTS MEET





# കടങ്കഥകൾ

1. ഞെട്ടില്ലാ വട്ടയില

**പപ്പടം**




2.അകത്തു രോമം
പുറത്തിറച്ചി

**മൂക്ക്**

3. അങ്ങേലെ ചങ്ങാതി വിരുന്നു വന്നു കായ്ക്കാത്ത
പൂക്കാത്ത ചെടിയുടെ ഇലവേണം

**വെറ്റില**

4. അക്കരെ നിക്കും തുഞ്ചാണി ഇക്കരെ നിക്കും
തുഞ്ചാണിക്കുട്ടിമുട്ടും എന്താണ്

**കൺപീലി**

ലിറ്റിര



5. അങ്ങേ വീട്ടിലെ
മുത്തശ്ശിക്ക് ഇങ്ങേ വീട്ടിൽ മുറ്റമടി

**മുള**

**6.**അങ്ങോട്ടും ഇങ്ങോട്ടും സംബന്ധം വീട്ടമ്മക്കിതു നിർബന്ധം

**സാക്ഷ**

7. അകത്തു നിന്നു നോക്കി കാണും കണ്ടതെല്ലാം ഉള്ളിലാകും

ക്യാ**മറ**

8.അരിപ്പൂള്ളി നായരും തേങ്ങാപ്പൂള്ളി നായരും കൂടി മുളപ്പൂള്ളി നായരുടെ വീട്ടിൽ വിരുന്നു ചെന്നു, കോൽപ്പൂള്ളി നായരു കുത്തിപ്പുറത്താക്കി

**പുട്ട്**

9.അഞ്ചുവരും കുഞ്ഞുവരും ഗുഹകാണാൻ പോയി അഞ്ചുവരിങ്ങോട്ടും കുഞ്ഞുവരങ്ങോട്ടും പോയി

**അഞ്ചു വിരലുകൊണ്ടു ഊണു കഴിക്കുക**

10.അടി മുള്ള് നടു കാട് തല പൂവ്

**കൈതച്ചക്ക**

11. അടിക്കൊരുവെട്ടും നടുക്കൊരു കെട്ടും തലയ്ക്കൊരു  ചവിട്ടും

**കൊയ്ത്തും മെതിയും**

12. അണിഞ്ഞാൽ എടുക്കാനാവാത്ത വെള്ളി താലി

**കോലം**

13.പത്തിനക്കൂട്ടം അടിക്കക്കൂടില്ല

**ചുണ്ടുകൾ**

14.അമ്പലത്തിലുള്ള ചേംബകത്തിന കൊമ്പില്ല ?

**കൊടിമരം**

15. ആവശ്യക്കാരൻ വാങ്ങുന്നില്ല....വാങ്ങുന്നവൻ അറിയുന്നില്ല..

**ശവപ്പെട്ടി**

**16.**ആന കേറാ മല ആടു കേറാ മല ആയിരം കാന്താരി പൂത്തിറങ്ങി

**നക്ഷത്രങ്ങൾ നിറഞ്ഞ ആകാശം**

17. അച്ഛൻ സുന്ദരസൂര്യൻ അമ്മസുന്ദര സമുദ്രം പക്ഷെ അമ്മ തൊട്ടാൽ മകൻ ആരാണത്

**തീ**

**18.** അമ്മയെകുത്തി മകൻ മരിച്ചു

**തീപ്പെട്ടിക്കൊള്ളിൾ**

**19.** അമ്മ കറുമ്പി മോളു വെളുമ്പി മോളുടെ മോളൊരു സുന്ദരിക്കോത

**വെള്ളിലം**

20. അമ്മത്തൊട്ടാലുംഅമ്മയേ തോട്ടാലും മകൻ

ഇല്ല്യാതാവും

ഉപ്പ്

**21.** ഒരമ്മ പെറ്റതെല്ലാം തൊപ്പിക്കാര്

**തീപ്പെട്ടികൊള്ളികൾ**

**22.** ഒരമ്മ നേരം വെളുത്താൽ വീടിനു ചുറ്റും ചുറ്റി നടക്കും പിന്നെച്ചെന്നൊരു മുക്കിലിരിക്കും

**ചൂൽ**

**23.** ഓടും കുതിര, ചാടും കുതിര, വെള്ളം കണ്ടാൽ നിൽക്കും

കുതിര

**ചെരുപ്പ്**

24. ഇല്ലത്തമ്മ കുളിച്ചുവരുമ്പോൾ, കുഞ്ഞിക്കിണ്ണം

തുള്ളിത്തുള്ളി

**കഞ്ഞിതിളക്കുന്നത**

25. കിലുകിലുക്കും കിക്കിലുക്കും ഉത്തരത്തിൽ ചത്തിരിക്കും

**താക്കോൽ**

26. കാളകിടക്കും, കയറോടും **മത്തങ്ങ**



27. കാലിൽ പിടിച്ചാൽ തോളിൽ കയറും

**കുട**

28. കറുത്ത പാറമേൽ വെളുത്ത വേർ

**ആന**

29. കറുപ്പാണ് എൻറെ നിറം...നീ എവിടെ പോയലും

നിൻറെ കൂടെ ഞാനും വരും...

**നിഴൽ**

30. കൈപ്പടം പോലുള്ളോരില വിരിഞ്ഞു....

കൈവിരൽപ്പോലുള്ള കാവിരിഞ്ഞു ....

ഞാനതു തിന്നുമ്പോൾ നീയതിൻ പേര് പറയു...

**വെണ്ടയ്ക്ക**

31.കൈയില്ല കാലില്ല, വാലുണ്ട് വയറുണ്ട്,

നീരാടിപ്പോരുമ്പോൾ കൊല്ലും ഞാൻ നൂറാളെ..

**മീൻവല**

32.മുറ്റത്തെ ചെപ്പിനടപ്പില്ല

**കിണർ**

33. മുകൾ പന്തൽ പോലെ, നടു വടി പോലെ, അടി പാറ പോലെ, എന്താണ് അത്

**ചേന.**

34. മുള്ളുണ്ട് മുരിക്കല്ല..പാലുണ്ട് പശുവല്ല...വാലുണ്ട് വാനരനല്ല...നൂലുണ്ട് പട്ടമല്ല

**ചക്ക**

35. മൂക്കനും മൂക്കനും വേലികെട്ടി... അതിലൊരു മൂക്കന്റെ മൂക്കിൽ ഒരോന്നുകേറി

**വാതിൽ സാക്ഷ ഇടുന്നതു**

36. ചെടിയിന്മേൽ കായ്, കായിന്മേൽ കാട്



**കൈതച്ചക്ക**

37. ചത്തു കിടക്കുന്ന പാമ്പ് വടിയെടുത്താൽ ഓടും

**തോണി**

38. തട്ടിൽ വെച്ചാൽ തണ്ടു കഥിക്കും അധികം വേണ്ട, കുറച്ചും വേണ്ട..

**ത്രാസ്**

39. പെട്ടി പെട്ടകം...പണ്ടാരപ്പെട്ടകം...പെട്ടി തുറന്നാലെന്തു രസം...

**ചക്ക**

40. പച്ചപലക കൊട്ടാരത്തിൽ പത്തും നൂറും കൊട്ടത്തേങ്ങ!!!

**പപ്പായ**

41. പഞ്ചപാണ്ഡവർക്ക് അഞ്ചുപേർക്കും കൂടി ഒരു മുറ്റമേയുള്ളൂ...

**കൈപ്പത്തി**

42. എഴുത്തുണ്ട് പുസ്തകമല്ല, ചിത്രമുണ്ട് ചുവരല്ല,

വട്ടത്തിലാണ് ചക്രമല്ല!!

**നാണയം**

43.എല്ലാം തിന്നും എല്ലാം

ദഹിക്കും വെള്ളം കുടിച്ചാൽ

ചത്തും പോകും **തീ**



44 .എന്റെ പേരിന്റെയാദിയിൽ പശുവിനെക്കണ്ടിട്ട

പേടിക്കല്ലേ...

അതൊന്നമാറിനിന്നാൽ സർക്കസ് കൂടാരമായി. ഞാൻ

കേവലം ധാന്യം.എന്റെ പേരൊന്ന പറയാ

**ഗോതമ്പ്**

45. വെളുപ്പുണ്ട് നിലാവല്ല, മധുരമുണ്ട് പഞ്ചസാരയല്ല,

കണ്ണുകൊണ്ട് കാണാം, വായ കൊണ്ട് കുടിക്കാൻ വയ്യ..

**പുഞ്ചിരി**

46. ഇന്നാൾ കുത്തിയ എന്റെ പുത്തൻ കിണറ്റിൽ

നോക്കിയപ്പോ നിറയെ വെള്ളപരാൽ...

**അരി തിളക്കുന്നത്**

47.ജീരകം പൊതിയാൻ ഇലയില്ല പക്ഷേ ആനയെ

തളക്കാൻ തടിയുണ്ട്

**പുളിമരം**

48. നിത്യം കുളിക്കും ഞാൻ..മഞ്ഞ നീരാടും ഞാൻ.. പിന്നെ ഇരിക്കും ഞാൻ കാക്കയെ പോലെ

**അമ്മിക്കല്ല്**

50.നിവർത്തിയിട്ടൊരു പന്തിപ്പായ എടുത്തുമാറ്റാനൊക്കില്ല

**പാത (റോഡ്)**

51. തിന്നില്ല കുടിക്കില്ല, തല്ലാതൊട്ട് മിണ്ടുകയുമില്ല ?

**ചെണ്ട**

## FUNNY RIDDLES

*Maria went with a ladder to school , for what?

**Because she is studing in highschool.**

*It is a word when pronounced right is wrong but when pronounced wrong is right . What is that word?

**The word WRONG itself.**

* It has ocean,but no water?

**Map.**

*In a little green house,there is a little white house in a little white house there is a little pond

**Coconut.**

*What has a face and two hands but no arms or legs?

**clock.**

*What has a neck but no head?

**bottle**

# Onam celebrations








